(ഡി) മുളങ്കുന്നത്തുകാവ് കെൽട്രോൺ പവർ ഡിവൈസസ്, റെക്ടിഫയേഴ്സ് എന്നീ പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടുന്നതിനുണ്ടായ കാരണം എന്താണ് ; പിരിച്ചുവിട്ട തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മുളംകുന്നത്തുകാവിലെ കെൽട്രോൺ യൂണിറ്റുകളുടെ സ്ഥലം എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2001-2002 സാമ്പത്തിക വർഷത്തിൽ 13,035.20 ലക്ഷം രൂപയും 2002-2003 വർഷത്തിൽ 12,584.40 ലക്ഷം രൂപയും ലാഭമുണ്ടാക്കി.

(ബി) നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 5-10-2002-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.100/2002/ഐ.സി.യുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2001-2002 ൽ സർക്കാർ ധനസഹായമൊന്നും അനുവദിച്ചിട്ടില്ല. 2002-2003 ൽ 100 ലക്ഷം രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2003-2004-ൽ ഇതിനോടകം 100 ലക്ഷം രൂപ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളത്.

(ഡി) ലാഭമില്ലാത്തതിനാൽ ജി.ഐ.എഫ്.ആർ.ന്റെ നിർദ്ദേശപ്രകാരമാണ് പ്രവർത്തനം നിർത്തിവച്ചത്. കെൽട്രോൺ പവർ ഡിവൈസ്സ്-ലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകിയ ഇനത്തിൽ എഴുപത്തി രണ്ട് ലക്ഷം രൂപയാണ് ചെലവായത്. കെൽട്രോൺ റെക്ടിഫയേഴ്സിൽ വി.ആർ.എസ്. നല്കാൻ തീരുമാനമായിട്ടില്ല.

(ഇ) ഇ.ആർ.സി. ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നതേയുള്ളൂ. എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്നുള്ള കാര്യം തീരുമാനമായിട്ടില്ല.

സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ നിക്ഷേപം വർദ്ധിപ്പിച്ചു കിട്ടുന്നതിന് സ്വീകരിച്ച നടപടി

119 (1184) ശ്രീ. എ. കെ. ബാലൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ നിക്ഷേപം വർദ്ധിപ്പിച്ചുകിട്ടുന്നതിന് ഈ സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര മൂതൽമുടക്കിൽ സ്വാഭാവിക വർദ്ധന ഉണ്ടാകുന്നില്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എണ്ണം ഇതിനകം സ്വകാര്യമേഖലയ്ക്കു കൈമാറുകയുണ്ടായി, കൈമാറ്റത്തിന് തുടക്കം കുറിച്ചിട്ടുള്ളതായി സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മറ്റ് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കേരളം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണ് ;

(ഇ) 'ജിമ്മിൽ' പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനമനുസരിച്ചുള്ള പൊതുമേഖലാ നിക്ഷേപങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ നിക്ഷേപം വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി കേന്ദ്ര സർക്കാരിന് കത്തെഴുതിയിരുന്നു. കൂടാതെ 'ജിമ്മി'ന്റെ ഉദ്ഘാടനത്തിന് പ്രധാനമന്ത്രിയെ ക്ഷണിക്കുകയും അതിലൂടെ ഏകദേശം 10,000 കോടിയിലേറെ രൂപയുടെ കേന്ദ്ര നിക്ഷേപ വാഗ്ദാനങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ നിക്ഷേപം കൂടുന്നുണ്ടെന്നതാണ് വസ്തുത. കൊച്ചി റിഫൈനറീസ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, കായംകുളം എൻ.ടി.പി.സി. എന്നിവയുടെ വികസന നവീകരണത്തിലൂടെയും പെട്രോനെറ്റ്-സി.സി.കെ ലിമിറ്റഡ്, കാസർഗോഡ് ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി എന്നിവയിലൂടെയും നിക്ഷേപം കൂടി വരുന്നുണ്ട്.

(സി) മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കോവളത്തെ ഐ.ടി.ഡി.സി. ഹോട്ടൽ എന്നിവ സ്വകാര്യ മേഖലയ്ക്കു കൈമാറിയതായാണ് അറിയുന്നത്. (എഫ്.എ.സി.ടി) ഇൻസ്ട്രുമെന്റേഷൻ ലി., ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ്, എച്ച്. എം. ടി., ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് തുടങ്ങിയവ സ്വകാര്യവൽക്കരണത്തിന് ആലോചനയിലുള്ള സ്ഥാപനങ്ങളാണെന്നാണ് മനസ്സിലാക്കുന്നത്.

(ഡി) റെയിൽവേ കോച്ച് ഫാക്ടറി, മാരുതിയുടെ അടുത്ത കാർ ഫാക്ടറി, ആയുധ നിർമ്മാണശാല എന്നിവ കേരളം ആവശ്യപ്പെട്ടുകൊണ്ടിരുന്ന വ്യവസായ സംരംഭങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)		രൂപ കോടിയിൽ
1.	എൻ.റ്റി.പി.സി. കായംകുളം തെർമൽ പ്ലാന്റ് ഉല്പ്പാദനശേഷി വർദ്ധിപ്പിക്കൽ	6,000
2.	കൊച്ചി റിഫൈനറിയുടെ വികസനം	2,600
3.	എൻ.എം.ഡി.സി.ഐ.ആർ.ഇ. എന്നിവയുമായി ചേർന്നുള്ള ധാതുപര്യവേഷണം	1,850
		10,450

ഇവയ്ക്കു പുറമേ ഏകദേശം 2,000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്നു. വല്ലാർപ്പാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള അന്തിമ അനുമതിയും നൽകിക്കഴിഞ്ഞു.

ഓഹരി വിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

120 (1185) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിൽക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ പരസ്യം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കുന്നത് സംബന്ധിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി തീരുമാനങ്ങൾ വിശദമാക്കാമോ ;

(ഡി) പൊതുമേഖലാ സ്ഥാപനമായ അങ്കമാലി 'ടെൽക്കി' ന്റെ ഓഹരികൾ വില്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എത്ര ശതമാനം ഓഹരികളാണ് വില്പന നടത്തുന്നത് ;

(ഇ) ടെൽക്കിന് സ്വന്തമായി എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ ഭൂമിയുടെ മാർക്കറ്റ് വില കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ടെൽക്ക് 2001-2002 , 2002-2003 വർഷങ്ങളിൽ ഉണ്ടാക്കിയ ലാഭം എത്ര ;

(ജി) ലാഭമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിപ്പിക്കുന്ന നടപടി സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കുമോ ;

(എച്ച്) തൃശ്ശൂർ മുളംകുന്നത്തുകാവിലുള്ള കെൽട്രോൺ റെക്ടിഫയേഴ്സ്, പവർ ഡിവൈസസ് തുടങ്ങിയ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ സാഹചര്യത്തിൽ ഈ സ്ഥലം വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly